ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.10.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ത്രിരാഷ്ട്ര ആഫ്രിക്കൻ പര്യടനത്തിന്റെ അവസാന പാദത്തിൽ, രാഷ്ട്രപതി ദ്രൗപദി മുർമു മലാവി പ്രസിഡൻറ് ലാസറസ് ചക്‌വേരയുമായി ഉഭയകക്ഷി ചർച്ച നടത്തി.

   On the last leg of the three-nation Africa tour, President Draupadi Murmu held bilateral talks with Malawi President Lazarus Chakwera.

2. കേന്ദ്ര സർക്കാർ ജീവനക്കാരുടെ കഴിവ് വികസിപ്പിക്കുന്നതിനുള്ള കർമ്മയോഗി സപ്താഹ് -ദേശീയ പഠന വാരം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   Prime Minister Narendra Modi will launch the Karmayogi Saptah-National Learning Week (NLW) tomorrow in New Delhi.

3. ഇന്ത്യൻ ഭരണഘടനയുടെ ആമുഖം മനുഷ്യാവകാശങ്ങളുടെ അന്തസത്തയാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ.

   Vice President Jagdeep Dhankar said that the preamble of the Constitution of India is the essence of human rights.

4. രാജ്യത്തെ ശൈശവ വിവാഹ നിരോധന നിയമം വ്യക്തിനിയമങ്ങൾക്ക് മുകളിലാണെന്ന് സുപ്രീംകോടതി

Supreme Court rules that law on prohibition of child marriages will prevail over Personal Laws.

5. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേരളത്തിന് അടിയന്തരമായി പണം അനുവദിക്കാൻ നടപടികൾ പുരോഗമിക്കുന്നതായി കേന്ദ്രം ഹൈക്കോടതിയെ അറിയിച്ചു.

The Center has informed the High Court that steps are being taken to urgently allocate money to Kerala in connection with the Wayanad disaster.

6. ന്യൂസിലാൻഡിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിലെ രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ മികച്ച സ്കോറിലേക്ക്.

India secured a decent score in the second innings of the first cricket test against New Zealand.

&&&&&&&&&&&&&&&&&&

**PRESIDENT**

ത്രിരാഷ്ട്ര ആഫ്രിക്കൻ പര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു, മലാവി പ്രസിഡൻറ് ലാസറസ് ചക്‌വേരയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രതിനിധിതല ചർച്ചകളിലും രാഷ്ട്രപതി പങ്കെടുത്തു. കലാ, സാംസ്കാരിക, കായിക

മേഖല, യുവജനക്ഷേമം, ഫാർമസ്യൂട്ടിക്കൽ രംഗം എന്നിവയുമായി ബന്ധപ്പെട്ട നാല് ധാരണാപത്രങ്ങളിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. മലാവിക്ക് 1,000 മെട്രിക് ടൺ അരി എത്തിച്ചു നൽകുന്ന ഉറപ്പും

ഇന്ത്യ നൽകി. അൾജീരിയ, മൗറിറ്റാനിയ പര്യടനം വിജയകരമായി പൂർത്തിയാക്കിയാണ് ശ്രീമതി മുർമു ഇന്നലെ മലാവിയിൽ എത്തിയത്.

&&&&&&&&&&&&&&&&&&

**KARMAYOGI SAPTAH**

കർമ്മയോഗി സപ്താഹ് -ദേശീയ പഠന വാരത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. കേന്ദ്ര സർക്കാർ സർവ്വീസിലേക്ക് പുതുതായി പ്രവേശിക്കുന്നവരുടെ കഴിവ് വികസിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. 2020 സെപ്റ്റംബറിലാണ് കർമയോഗി ദൗത്യത്തിന് കേന്ദ്രസർക്കാർ തുടക്കം കുറിച്ചത്. ഇന്ത്യൻ സിവിൽ സർവീസിനെ ആഗോള കാഴ്ചപ്പാടുകൾക്ക് അധിഷ്ഠിതമായി ഭാവിയിലേക്ക് സന്നദ്ധമാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

**VP-NHRC-INTRO**

രാജ്യത്തെ എല്ലാ പൗരന്മാർക്കും നീതി, സ്വാതന്ത്ര്യം, തുല്യത എന്നിവ ഉറപ്പാക്കുന്ന ഭരണഘടനയുടെ ആമുഖം മനുഷ്യാവകാശങ്ങളുടെ അന്തസത്തയാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ. എല്ലാതരത്തിലുള്ള വിവേചനവും മനുഷ്യാവകാശങ്ങൾക്ക് വെല്ലുവിളി ഉയർത്തുന്നവയാണെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ദേശീയ മനുഷ്യാവകാശ കമ്മിഷന്റെ സ്ഥാപക ദിന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി.

(ഹോൾഡ്)

മറ്റുള്ളവരുടെ മനുഷ്യാവകാശങ്ങളെ ബഹുമാനിക്കുന്നത് സ്വന്തം മനുഷ്യാവകാശങ്ങളെ മാനിക്കലാണെന്ന് പറഞ്ഞ ഉപരാഷ്ട്രപതി, നിയമലംഘനങ്ങൾക്കെതിരെ എല്ലാവരും ഉറച്ചനിലപാട് സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## SC- CHILD MARRIAGE

രാജ്യത്തെ ശൈശവ വിവാഹ നിരോധന നിയമം വ്യക്തിനിയമങ്ങൾക്ക് മുകളിലാണെന്ന് സുപ്രീംകോടതി. ശൈശവ വിവാഹങ്ങൾ, ജീവിത പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുന്നുവെന്നും ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് നിരീക്ഷിച്ചു. ശൈശവ വിവാഹങ്ങൾ തടയുന്നതിനുള്ള നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങളും സുപ്രീംകോടതി പുറപ്പെടുവിച്ചു. ശൈശവവിവാഹം തടയുന്നതിനും, പ്രായപൂർത്തിയാകാത്തവർക്ക് സംരക്ഷണം നൽകാനും അധികാരികൾ ശ്രദ്ധിക്കണമെന്നും കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കണമെന്നും കോടതി നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## KARNATAKA-MURUGAN

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന മാധ്യമ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കേന്ദ്രസഹമന്ത്രി എൽ മുരുകൻ ബംഗളൂരുവിൽ അവലോകനം ചെയ്തു. കർഷകർ, സ്ത്രീകൾ, വിദ്യാർഥികൾ എന്നിവർക്കായുള്ള പരിപാടികളുടെ വിശദാംശങ്ങൾ അദ്ദേഹം പരിശോധിച്ചു. പിഐബി, ദൂരദർശൻ, ആകാശവാണി, മന്ത്രാലയത്തിന് കീഴിലുള്ള മറ്റ് അനുബന്ധ സ്ഥാപനങ്ങൾ എന്നിവ തമ്മിൽ ഉള്ളടക്കങ്ങൾ

പങ്കിടാൻ കഴിയുന്ന യൂണിറ്റിന് രൂപം നൽകാൻ കേന്ദ്രമന്ത്രി നിർദേശം നൽകി.

&&&&&&&&&&&&&&&&&&

**JITHENDRA SINGH -MANN KI BAAT -**

ഇന്ത്യൻ യുവശക്തിയുടെ കഴിവ് ലോകം അംഗീകരിച്ചതായും, യുവജനങ്ങളുടെ ആത്മവിശ്വാസം ഇതിലൂടെ വർദ്ധിച്ചതായും കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിങ്ങ്. വികസിത ഭാരതം എന്ന ലക്ഷ്യം യുവ ശക്തിയിലൂടെ മാത്രമേ സാധ്യമാവൂ എന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൻ കി ബാത് പരിപാടിയെ ആസ്പദമാക്കി നെഹ്റു യുവ കേന്ദ്ര സംഘടിപ്പിക്കുന്ന

ക്വിസ് - പ്രഭാഷണ മത്സരങ്ങളുടെ നാലാം സീസൺ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രസഹമന്ത്രി. കഴിഞ്ഞ 10 വർഷത്തിനിടെ നരേന്ദ്ര മോദി സർക്കാർ രാജ്യത്തെ യുവജനങ്ങളെ ശാക്തീകരിച്ചതായും അന്തസോടെ ജീവിക്കാനുള്ള അവസരം ഉറപ്പുവരുത്തിയതായും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**PM-Russia**

16-

ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 22 മുതൽ റഷ്യ സന്ദർശിക്കും. ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങൾ പങ്കാളികളായ ഉച്ചകോടി, "സന്തുലിതമായ ആഗോള വികസനത്തിനു ബഹുമുഖ ശാക്തീകരണം" എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് നടക്കുക.

സന്ദർശന വേളയിൽ പ്രധാനമന്ത്രി ബ്രിക്സ് രാഷ്ട്ര നേതാക്കൾ ഉൾപ്പെടെയുള്ളവരുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

**RAJNATH DRDO(intro)**

പ്രതിരോധ മേഖലയിൽ രാജ്യത്തെ, നൂതന സാങ്കേതികവിദ്യയുടെ കേന്ദ്രമാക്കി മാറ്റുന്നതിന് സ്വകാര്യ മേഖലയ്ക്ക് കേന്ദ്രസർക്കാർ പൂർണ പിന്തുണ നൽകുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. പ്രതിരോധ രംഗത്തെ ഗവേഷണ-വികസനപ്രവർത്തനങ്ങൾ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഡെയർ ടു ഡ്രീം 5.0 പരിപാടി ഉത്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

(ഹോൾഡ്)

സാമ്പ്രദായികമല്ലാത്ത പുതിയതരം യുദ്ധരീതികളാണ് പ്രതിരോധ മേഖല നേരിടുന്ന വെല്ലുവിളിയാണ്. നൂതന സാങ്കേതിക വിദ്യകൾ രാജ്യരക്ഷയ്ക്കായി പ്രയോജനപ്പെടുത്താൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**HIGH COURT**

വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കേരളത്തിന്

അടിയന്തരമായി പണം അനുവദിക്കാനുള്ള നടപടികൾ നടന്നു വരികയാണെന്ന് കേന്ദ്ര സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം

സംസ്ഥാനത്തിന് 782 കോടി രൂപ കേന്ദ്ര ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചതായും ഹൈക്കോടതി സ്വമേധയാ എടുത്ത കേസ് പരിഗണിക്കവേ കേന്ദ്രം വ്യക്തമാക്കി. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പ്രത്യേക ഫണ്ട് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ലെന്ന് കേരളം കോടതിയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## MANDAVYA

സായ് LNCPE-യിലെ നവീകരിച്ച ഗോൾഫ് കോഴ്സും, പുതുതായി നിർമ്മിച്ച പെൺകുട്ടികളുടെ ഹോസ്റ്റലും കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ മറ്റന്നാൾ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സംസ്ഥാന കായിക മന്ത്രി വി. അബ്ദു റഹിമാൻ, പത്മശ്രീ കെ. എം. ബീന മോൾ, ഖേൽ രത്ന ജേതാവ് പത്മിനി തോമസ് തുടങ്ങിയ പ്രമുഖർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## CRICKET

ന്യൂസിലാൻഡിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിലെ രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ മികച്ച സ്കോറിലേക്ക്. മൂന്നാം ദിനം കളി അവസാനിപ്പിക്കുമ്പോൾ 49 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 231 റൺസ് എന്നി നിലയിലാണ് ഇന്ത്യ. ഒന്നാം ഇന്നിങ്സിൽ 356 റൺസിന്റെ ലീഡ് വഴങ്ങിയ ഇന്ത്യ നിലവിൽ 125 റൺസിന് പിന്നിലാണ്. ആദ്യ ഇന്നിംഗ്സിൽ ഇന്ത്യ 46ന് ഓൾഔട്ടായിരുന്നു.

അതേസമയം, ടെസ്റ്റ് ക്രിക്കറ്റിൽ ഇന്ത്യൻ താരം വിരാട് കോലി 9000 റൺസ് പൂർത്തിയാക്കി. 9000 റൺസ് ക്ലബ്ബിലെത്തുന്ന ഇന്ത്യയുടെ നാലാമത്തെ താരമാണ് കോലി.

&&&&&&&&&&&&&&&&&&&

## RAIN KERALA

ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള - കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 20 വരെ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ് . സംസ്ഥാനത്ത് അടുത്ത ഒരാഴ്ച നേരിയ മഴയ്ക്കാണ് സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&&

## ADM NAVEEN

കണ്ണൂർ എ. ഡി. എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ മുൻകൂർ ജാമ്യാപേക്ഷ നൽകി മുൻ ജില്ലാപഞ്ചായത്ത് പ്രസിഡൻറ് പി.പി ദിവ്യ. തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതിയിലാണ് ജാമ്യാപേക്ഷ സമർപ്പിച്ചത്. ക്ഷണിക്കാതെയാണ് യാത്രയയപ്പ് ചടങ്ങിൽ പങ്കെടുത്തത് എന്ന വാദം തെറ്റാണെന്നും ജില്ലാ കളക്ടർ ചടങ്ങിലേക്ക് ക്ഷണിച്ചതായും അപേക്ഷയിൽ പറയുന്നു. അതേസമയം എ. ഡി. എമ്മിൻറെ മരണവുമായി ബന്ധപ്പെട്ട കേസിൽ അന്വേഷണസംഘം ഇന്ന് കണ്ണൂർ കലക്ടറേറ്റ് ജീവനക്കാരിൽ നിന്ന് മൊഴി രേഖപ്പെടുത്തി. യാത്രയയപ്പ് ചടങ്ങിൽ പങ്കെടുത്ത ജീവനക്കാരിൽ നിന്നാണ് മൊഴി രേഖപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&&

## NATIONAL SCHOLARSHIP EXTENSION

¬2024-25 വർഷത്തേക്കുള്ള നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപിന് അപേക്ഷിക്കാനുള്ള സമയപരിധി സർക്കാർ ഈ മാസം 31 വരെ നീട്ടി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ള യോഗ്യരായ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്. പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ ഈ പദ്ധതി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു. ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം 12,000 രൂപയാണ് സ്കോളർഷിപ്പ് .

&&&&&&&&&&&&&&&&&&

## GOVERMENT ARBITRATION BILL

തർക്ക പരിഹാര ഭേദഗതി ബിൽ 2024-ൻറെ കരട് രേഖയിൽ നിർദ്ദേശങ്ങൾ ക്ഷണിച്ച് കേന്ദ്രസർക്കാർ. രാജ്യത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പ്രോത്സാഹിപ്പിക്കാനും തർക്ക പരിഹാരങ്ങൾ ശക്തിപ്പെടുത്താനും സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് നീതിന്യായ മന്ത്രാലയം അറിയിച്ചു. അടുത്ത മാസം മൂന്നു വരെ പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകാം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&